**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 54

03.02.2020 ൽ മറുപടിക്ക്.

**കോതാട്-ചേന്നൂർ പാലം നിർമ്മാണം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എസ്. ശർമ്മ | പിണറായി വിജയൻ (മുഖ്യ മന്ത്രി) |

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള കോതാട്-ചേന്നൂർ പാലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(എ) 23/11/2018-ൽ കോതാട്-ചേന്നൂർ പാലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള മറുപടി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുള്ളതായും പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിംഗിനു ഡിസൈൻ നടത്തുന്നതിനായി റിപ്പോർട്ട് നല്കിയിട്ടുള്ളതായും പൊതുമരാമത്ത് വകുപ്പ് ജിഡയെ അറിയിച്ചിട്ടുണ്ട്.

(സി) പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

(സി) ഡിസൈൻ പൂർത്തീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം പ്രവർത്തി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ